(5) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട സമിതിയുടെ 97 മുതൽ 103 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 97 മുതൽ 103 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ വയ്ക്കുന്നു.

(6) വിദ്യാഭ്യാസ-വിദ്യാഭ്യാസേതര മേഖലയുമായി ബന്ധപ്പെട്ട സമിതിയുടെ 26 മുതൽ 28 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ടി. ബൽറാം: സർ, വിദ്യാഭ്യാസ-വിദ്യാഭ്യാസേതര മേഖലയുമായി ബന്ധപ്പെട്ട സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 26 മുതൽ 28 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ വയ്ക്കുന്നു.

(7) പരിസ്ഥിതി മേഖലയുമായി ബന്ധപ്പെട്ട സമിതിയുടെ 19 മുതൽ 21 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, പരിസ്ഥിതി മേഖലയുമായി ബന്ധപ്പെട്ട സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 19 മുതൽ 21 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ വയ്ക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സഭയിൽ വച്ചിരിക്കുന്നു.

VII നിയമനിർമ്മാണകാര്യം

വകുപ്പുമന്ത്രിമാരുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ

നഗരകാര്യവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സംസ്ഥാന നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നഗരകാര്യവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ രാജ്യത്തെ റിയൽ എസ്റ്റേറ്റ് മേഖലയുടെ ക്രമാതീതമായ വളർച്ചയും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഇന്ത്യയിൽത്തന്നെ ആദ്യമായിട്ടാണ് ഇങ്ങനെയൊരു ബിൽ ഒരു സംസ്ഥാനത്ത് അവതരിപ്പിക്കുന്നത്. കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി ഇതിനു വേണ്ടി പ്രവർത്തിക്കുകയായിരുന്നു. ഇതുമായി ബന്ധപ്പെട്ട് കുറെ കാര്യങ്ങൾ പഠിച്ചിട്ടുണ്ട്. പക്ഷേ ഈ ബഹളത്തിനിടയിൽ ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല. എന്റെ പ്രസംഗം മേശപ്പുറത്ത് വയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലിരിക്കാതിരുന്നതിനാൽ നിരാകരണ പ്രമേയം അവതരിപ്പിച്ചില്ല.)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, 2015-ലെ കേരള നിയർ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2015 വരെ സർക്കുലേറ്റ് ചെയ്യണമെന്നുള്ള (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, 2015-ലെ കേരള നിയർ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ, അങ്ങ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

---

* അടയാളമൊന്നും ചേർത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ.

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനു മുന്നിൽ നിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(2) 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ സാമൂഹ്യനീതിയും സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

അഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു നിയമമാണ്. നമ്മുടെ സ്റ്റേറ്റിലെ 26 ശതമാനം വരുന്ന മുന്നോക്ക വിഭാഗത്തിലെ പുരുഷന്മാർക്ക് നിലവിൽ ഒരു പ്രത്യേക പരിഗണനയും ലഭിക്കുന്നില്ല. ഇവരിലെ പിന്നോക്ക വിഭാഗങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കുമായി പലവിധത്തിലുള്ള സ്കീമുകളുണ്ട്. സംസ്ഥാനത്തെ 26 ശതമാനം വരുന്ന മുന്നോക്ക വിഭാഗത്തിൽ നല്ലൊരു പങ്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. മുന്നോക്ക വിഭാഗത്തിലെ പിന്നോക്കക്കാർക്ക് പ്രയോജനകരമായ പരിപാടികൾ കൊണ്ടുവരുന്നതിന് ഗവൺമെന്റ് തീരുമാനമെടുത്തതിന്റെ

LIBRARY ARCHIVES Kerala Legislative Assembly